# എൻ.എസ്.എസ്. ബഡ്ജറ്റ് സമ്മേളനം 2017

നായർ സർവീസ് സൊസൈറ്റിയുടെ 103-ാമത് വാർഷിക ബഡ്ജറ്റ് സമ്മേളനം 26.6.2017-ന് പെരുന്നയിലെ എൻ.എസ്.എസ്. പ്രതിനിധിസഭാമന്ദിരത്തിൽ പ്രസിഡന്റ് പി.എൻ. നരേന്ദ്രനാഥൻനായരുടെ അദ്ധ്യക്ഷതയിൽ നടന്നു. പ്രസ്തുത സമ്മേളനത്തിൽ ജനറൽ സെക്രട്ടറി ജി. സുകുമാരൻനായർ 2017-18 വർഷത്തേക്കുള്ള 102 കോടി 75 ലക്ഷം രൂപ വരവും അത്രയുംതന്നെ ചെലവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് അവതരിപ്പിച്ചു.

പതിവുപോലെ മന്നംസമാധിയിൽ ജനറൽ സെക്രട്ടറി ഭദ്രദീപം കൊളുത്തിയും, നേതാക്കളടക്കമുള്ള പ്രതിനിധിസഭാംഗങ്ങൾ പുഷ്പാർച്ചന നടത്തിയുമാണ് യോഗനടപടികൾ ആരംഭിച്ചത്. പിന്നീട് പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗത്തിനും അംഗങ്ങളുടെ ചോദ്യോത്തരവേളയ്ക്കും ശേഷം ജനറൽ സെക്രട്ടറി ബഡ്ജറ്റ് അവതരിപ്പിച്ചു. 102 കോടി 75 ലക്ഷം രൂപ വരവും, അത്രയുംതന്നെ രൂപ ചെലവുമാണ് 2017-18 സാമ്പത്തികവർഷത്തേക്കുള്ള ബഡ്ജറ്റിൽ പ്രതീക്ഷിച്ചിട്ടുള്ളത്. 10 കോടി 45 ലക്ഷം രൂപ ക്യാപിറ്റൽ ഇനങ്ങളിലും 92 കോടി 30 ലക്ഷം രൂപ റവന്യൂ ഇനങ്ങളിലും വരവ് പ്രതീക്ഷിക്കുന്നുണ്ട്. ക്യാപിറ്റൽ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവ് 22 കോടി 25 ലക്ഷം രൂപയും റവന്യൂ ഇനങ്ങളിൽ പ്രതീക്ഷിക്കുന്ന ചെലവ് 80 കോടി 50 ലക്ഷം രൂപയുമാണ്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യക്ഷേമം, ആദ്ധ്യാത്മികബോധനം, കാർഷികം എന്നീ മേഖലകൾക്ക് ബഡ്ജറ്റിൽ കൂടുതൽ പരിഗണന നല്കിയിട്ടുണ്ട്. ജനറൽ സെക്രട്ടറി അവതരിപ്പിച്ച ബഡ്ജറ്റിൻമേൽ വിശദമായ ചർച്ചകൾക്കും, മറുപടിപ്രസംഗത്തിനും ശേഷം ബഡ്ജറ്റ് ഐകകണ്ഠ്യേന പാസ്സാക്കി.

തുടർന്ന്, റിട്ട. മേജർ ജനറൽ എസ്.ആർ. സിൻഹു ചെയർമാനായുള്ള ദേശീയകമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പരിഗണനയിലെടുത്ത് അതിലെ ശിപാർശകൾ നടപ്പാക്കുന്നതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് വീണ്ടും ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയവും, എയിഡഡ് സ്കൂൾ മാനേജ്മെന്റുകളോടുള്ള സർക്കാരിന്റെ നിരുത്തരവാദപരമായ സമീപനം അവസാനിപ്പിച്ച്, എയിഡഡ് സ്കൂളുകളുടെ സുഗമമായ പ്രവർത്തനത്തിന് വഴിയൊരുക്കണം എന്ന് സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയവും സജീവചർച്ചകൾക്കുശേഷം യോഗം അംഗീകരിക്കുകയുണ്ടായി. ഇതോടൊപ്പംതന്നെ, ഡയറക്ടർ ബോർഡിലേക്ക് ഒഴിവുവന്ന ഒൻപതു സ്ഥാനങ്ങളിലേക്ക് ജി. സുകുമാരൻനായർ (ചങ്ങനാശ്ശേരി), എൻ.വി. അയ്യപ്പൻപിള്ള (കരുനാഗപ്പള്ളി), കലഞ്ഞൂർ മധു (അടൂർ), ചിതറ എസ്. രാധാകൃഷ്ണൻനായർ (ചടയമംഗലം), കെ.കെ. പത്മനാഭപിള്ള (അമ്പലപ്പുഴ), ഡോ. സി.ആർ. വിനോദ്കുമാർ (വൈക്കം), വി.എ. ബാബുരാജ് (നെടുമങ്ങാട്), ആർ. ബാലകൃഷ്ണപിള്ള (പത്തനാപുരം), ജി. തങ്കപ്പൻപിള്ള (കൊട്ടാരക്കര) എന്നിവരെ ഏകകണ്ഠമായി തിരഞ്ഞെടുത്തു. തുടർന്ന് ജനറൽ സെക്രട്ടറിയായി ജി. സുകുമാരൻനായരെയും, ട്രഷറർ ആയി ഡോ. എം. ശശികുമാറിനെയും യോഗം വീണ്ടും തിരഞ്ഞെടുക്കുകയുണ്ടായി.

യോഗത്തിൽ പ്രതിനിധികളുടെ പൂർണ്ണമായ സാന്നിദ്ധ്യവും സഹകരണവും ഏറെ ശ്രദ്ധേയമായിരുന്നു.

ഈ ബഡ്ജറ്റുയോഗം നടത്താൻ പാടില്ലെന്നും, അതിനെ തടയണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സഭയിലെ രണ്ടുപേർതന്നെ കോടതികളെ സമീപിച്ചത് ഏറെ വിവാദത്തിന് ഇട നല്കി. നായർ സർവീസ് സൊസൈറ്റിയുടെ പൊതുയോഗം തടയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 1965-66, 1977-78 വർഷങ്ങളിലും ഇതേരീതിയിൽ നീക്കങ്ങൾ ഉണ്ടായെങ്കിലും അവയെയെല്ലാം അതിജീവിക്കാൻ ഈ മഹാപ്രസ്ഥാനത്തിന് കഴിഞ്ഞു എന്നത് സംഘടനയുടെ കെട്ടുറപ്പിനെയാണ് വിളിച്ചറിയിക്കുന്നത്. എന്നാൽ, ഇത്തവണത്തെ പൊതുയോഗം തടയണമെന്നാവശ്യപ്പെട്ടുകൊണ്ട് എൻ.എസ്.എസ്സിനെതിരെ ഉണ്ടായ നീക്കം ഏറെ ശ്രദ്ധിക്കപ്പെടേണ്ടതായിരുന്നു. സർവീസ് സൊസൈറ്റിയുടെ സമർത്ഥമായ സമീപനമാണ് അവയെ എല്ലാം അതിജീവിക്കുവാനും, മുമ്പെന്നത്തേക്കാൾ ഏറെ കെട്ടുറപ്പോടുകൂടി ഈ വർഷത്തെ ബഡ്ജറ്റ് സമ്മേളനം നടത്തുവാനും കഴിഞ്ഞത്.

നായർ സർവീസ് സൊസൈറ്റി എന്ന മഹാപ്രസ്ഥാനത്തിന്റെ പൊതുയോഗങ്ങളെ സമുദായത്തിൽപ്പെട്ടവർതന്നെ തടയുക എന്നത് അവർക്കോ സമുദായത്തിനോ സംഘടനയ്ക്കോ ഒരിക്കലും ഗുണകരമാവില്ല. അതിനിറങ്ങിത്തിരിച്ചവർക്കെല്ലാം ദുരനുഭവങ്ങളാണ് പിന്നീട് ഉണ്ടായിട്ടുള്ളത് എന്ന് എടുത്തു പറയേണ്ടതില്ലല്ലോ. ഇവരും അത് ഓർക്കുന്നത് നന്ന്.